**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2236** **20-01-2021 - ൽ മറുപടിയ്ക്ക്**

**ബി.പി.എൽ കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | **Shri P. Thilothaman**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പട്ടാമ്പി മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്കാണ് ബി.പി. എൽ. കാർഡ് അനുവദിച്ചിട്ടുള്ളത്; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ /എ.പി.എൽ വിഭാഗങ്ങൾക്കു പകരമായി മുൻഗണനാ (എ.എ.വൈ, പി.എച്ച്.എച്ച്) / മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 1,54,80,040 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 5,88,092 എ.എ.വൈ കാർഡുകളും 32,47,478 പി.എച്ച്.എച്ച് കാർഡുകളും ഉൾപ്പെടെ ആകെ 38,35,570 മുൻഗണനാ കാർഡുകൾ അനുവദിച്ചു. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയാണ്. പട്ടാമ്പി മണ്ഡലത്തിൽ 29,343 കുടുംബങ്ങൾക്കാണ് മുൻഗണനാ വിഭാഗത്തിലുള്ള റേഷൻ കാർഡ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | ബി.പി.എൽ കാർഡ് അനുവദിക്കുന്നതിനുള്ള അപേക്ഷയിൽ ഏതെല്ലാം രീതിയിലുള്ള മുൻഗണനയാണ് അനുവദിച്ചു വരുന്നത്; വിശദമാക്കാമോ? | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.പി.എൽ / ബി.പി.എൽ കാർഡുകൾക്ക് പകരം മുൻഗണനാ / മുൻഗണനേതര കാർഡുകളാണ് നിലവിലുള്ളത്. 18.09.2017 ലെ സ.ഉ(സാധാ) നം. 320/2017/ഭ.പൊ.വി.വ പ്രകാരമാണ് മുൻഗണനാ കാർഡുകൾ അനുവദിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ